പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.887 — 10.06.2019-ൽ മറുപടിയ്ക്ക്.

**പ്രളയത്തിൽ വനമേഖലയിൽ ഉണ്ടായ നാശനഷ്ടങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) പ്രളയത്തിൽ വനമേഖലയിൽ ഉണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) പ്രളയത്തിൽ വനമേഖലയിൽ ഉണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ച് വനം വകുപ്പ് പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) സ്വാഭാവിക ജൈവവൈവിധ്യത്തിൽ മാറ്റം വന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) പ്രളയാനന്തരം വനമേഖലയിൽ സ്വാഭാവിക ജൈവ വൈവിദ്ധ്യത്തിൽ മാറ്റം വന്നതായി കണ്ടെത്തിയിട്ടില്ല. |
| (സി) വനമേഖലയിൽ, ജൈവവൈവിധ്യത്തിന് ഭീഷണിയായി അനിയന്ത്രിതമായി അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനായി കേന്ദ്രാനുമതി നേടിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കാമോ? | (സി) പമ്പ-ത്രിവേണി പ്രദേശത്ത് അനിയന്ത്രിതമായി അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനായി വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്രാനുമതി നേടിയിട്ടുണ്ട്. (എഫ്.നമ്പർ.8-9/2019-എഫ്.സി തീയതി 26.02.2019). മേൽ അനുമതിയുടെ വെളിച്ചത്തിൽ ജി.ഒ (ആർ.റ്റി) നമ്പർ 48/2019/വനം തീയതി 06.02.2019, ജി.ഒ (ആർ.റ്റി) നമ്പർ 169/2019/വനം തീയതി 13.05.2019, ജി.ഒ (എം.എസ്) നമ്പർ 12/2019/വനം തീയതി 22.05.2019 എന്നീ സർക്കാർ ഉത്തരവുകൾ ഇറക്കുകയും, ടി ഉത്തരവുകൾ പ്രകാരം 20000 ക്യുബിക് മീറ്റർ മണൽ ട്രാവൻകൂർ ദേവസ്വം ബോർഡിന് സൗജന്യമായി അനുവദിക്കുകയും, 55000 ക്യുബിക് മീറ്റർ മണൽ മൊത്ത വില്പനയ്ക്കായി നിജപ്പെടുത്തുകയും, 15000 ക്യുബിക് മീറ്റർ മണൽ ചില്ലറ വില്പനയ്ക്കായി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ട്രാവൻകൂർ ദേവസ്വം ബോർഡ് മണൽ നീക്കം ചെയ്യുന്നത് ആരംഭിച്ചിട്ടുണ്ട്. മൊത്ത വില്പനയിൽ 1000 ക്യുബിക് മീറ്റർ മണൽ വില്പന നടത്തിയിട്ടുള്ളതാണ്. മൊത്ത വില്പന തുടർന്നു കൊണ്ടിരിക്കുന്നതും ചില്ലറ വില്പനയ്ക്കുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ